**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3892** **09-10-2025 - ൽ മറുപടിയ്ക്ക്**

**ഫെയ്സ്‌ലെസ് അപേക്ഷാ സംവിധാനം കാര്യക്ഷമമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ കെ ബി ഗണേഷ് കുമാർ (ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളുടെ സേവനം വേഗത്തിലാക്കുന്നതിനായി കൊണ്ടുവന്ന ഫെയ്സ്‌ലെസ് അപേക്ഷാ സംവിധാനത്തിന്റെ പ്രധാനലക്ഷ്യം എന്താണ്; വ്യക്തമാക്കാമോ; | (എ) | സർക്കാർ പോളിസിയായ "ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ്സ്"-ന്റെ ഭാഗമായി അപേക്ഷകൻ നേരിട്ട് ഓഫീസ് സന്ദർശിക്കാതെ തന്നെ വിവിധ സേവനങ്ങൾ ആധാർ അധിഷ്ഠിതമായി ലഭ്യമാക്കുന്നതിനാണ് ഫെയ്സ് ലെസ്സ് സംവിധാനം വിഭാവനം ചെയ്യുന്നത്. |
| (ബി) | ഡ്യൂപ്ലിക്കേറ്റ് ആർ.സി. ഉൾപ്പെടെയുള്ള അപേക്ഷ നൽകുന്ന അപേക്ഷകരെ ഉദ്യോഗസ്ഥർ വീണ്ടും വിളിച്ചുവരുത്തുന്നത് എന്തു കാരണം ചൂണ്ടിക്കാട്ടിയാണ്; വ്യക്തമാക്കാമോ; | (ബി) | കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ നിയന്ത്രണത്തിലുള്ള പരിവാഹൻ സോഫ്റ്റ്‌വെയറിൽ 16.09.2022 തിയതിയിലെ എസ്.ഒ.നമ്പർ. 4353(E) പ്രകാരം ഉൾപ്പെടുത്തിയിട്ടുള്ള ആധാർ അധിഷ്ഠിത ഫേസ് ലെസ്സ് സർവീസുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള ഒരു സേവനമാണ് ഡ്യൂപ്ലിക്കേറ്റ് ആർ .സി . ആയതിനാൽ ഡ്യൂപ്ലിക്കേറ്റ് ആർ. സി. ഉൾപ്പെടെ വകുപ്പിന്റെ 58 സേവനങ്ങൾക്ക് പ്രസ്തുത എസ്. ഒ. പ്രകാരം ഓഫീസ് സന്ദർശിക്കേണ്ട ആവശ്യം ഇല്ല . |
| (സി) | പഴയ സംവിധാനത്തിലെന്നപോലെ അപേക്ഷകർ നേരിട്ട് ഹാജരാകേണ്ടി വരുന്ന സാഹചര്യം തുടരുന്നതുമൂലമുണ്ടാകുന്ന അഴിമതി സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (സി) | സംസ്ഥാനത്തെ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ അപേക്ഷകർ നേരിട്ട് ഹാജരാകേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കിയിട്ടുള്ളതും ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതുമാണ്. അപേക്ഷകർ നേരിട്ട് ഹാജരാകേണ്ടി വരുന്ന സാഹചര്യത്തിൽ ഉണ്ടാകുന്ന അഴിമതി സംബന്ധിച്ചുള്ള പരാതിയിന്മേൽ 2024 വർഷം മുതൽ നാളിതുവരെ വിജിലൻസ് അന്വേഷണം നടത്തിയിട്ടില്ല. |
| (ഡി) | അപേക്ഷകൾ സോഫ്റ്റ്‌വെയർ വഴി മറ്റു ജില്ലകളിലേക്ക് കൈമാറുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (ഡി) | അപേക്ഷകൾ യൂണിഫൈഡ് സർവീസസിന്റെ ഭാഗമായി സോഫ്റ്റ് വെയർ വഴി മറ്റു ജില്ലകളിലേക്ക് കൈമാറുമ്പോൾ പ്രസ്തുത അപേക്ഷ ഏതു ഓഫീസിലാണ് പ്രോസസ്സ് ചെയ്യുന്നത് എന്ന് അപേക്ഷകന് അറിയാൻ സാധിക്കുകയില്ല എന്ന പ്രശ്നം ഉന്നയിക്കപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ